**പിറവിക്കാലം**

**ലൂക്കാ 2:1-20**

## ഇത്ര ചെറുതാകാൻ...

**റവ.ഫാ. വർഗീസ് (ബിജു) പെരുമായൻ**

“എന്നെ സ്നേഹിച്ചതിന് നീ എത്രമാത്രം വില കൊടുക്കേണ്ടി വന്നു?” പ്രസിദ്ധമായ ഒരു ഇറ്റാലിയൻ ക്രിസ്മസ് ഗാനത്തിലെ വരികളാണിവ. ദൈവത്തോടുള്ള സമാനത നിലനിർത്തേണ്ട കാര്യമായി പരിഗണിക്കാതെ തന്നെത്തന്നെ ശൂന്യനാക്കിയ യേശുവിനെ പുൽക്കൂട്ടിലെ ദാരിദ്ര്യത്തിൽ കാണുമ്പോഴുള്ള മനുഷ്യന്റെ നന്ദിയുടെ വികാരമാണ് ഈ വരികളിൽ പ്രകടമാകുന്നത്. മനുഷ്യനെ നേടാൻ എന്തു വില കൊടുക്കാനും തയ്യാറായ ദൈവത്തിന്റെ സ്നേഹമാണ് ക്രിസ്മസിൽ നാം അനുഭവിക്കുന്നത്. പിടക്കോഴി തന്റെ കുഞ്ഞുങ്ങളെ ചിറകിൻകീഴിൽ ഒരുമിച്ചുകൂട്ടുന്നതു പോലെ മനുഷ്യരെ തന്റെ സ്നേഹവലയത്തിൽ കൊണ്ടുവരാനുള്ള ദൈവത്തിന്റെ പരിശ്രമത്തിന്റെ ഭാഗമായി മനുഷ്യാവതാരത്തെ കാണാനാകണം. നമ്മോടുള്ള സ്നേഹം വെളിപ്പെടുത്താൻ ദൈവം ഇതിൽ കൂടുതൽ എന്താണ് ചെയ്യേണ്ടിയിരുന്നത്? ഏശയ്യാ പ്രവാചകനിലൂടെ ദൈവം ചോദിക്കുന്നുണ്ട്: എന്റെ മുന്തിരിത്തോട്ടത്തിനുവേണ്ടി ഞാൻ ചെയ്തതിലേറെ എന്താണ് ചെയ്യേണ്ടിയിരുന്നത്? (ഏശ. 5:4). ദൈവത്തെയും മറ്റുള്ളവരെയും സ്നേഹിച്ചതിന് നമ്മൾ എത്രമാത്രം വില കൊടുക്കേണ്ടി വന്നിട്ടുണ്ടെന്ന് ഈ ക്രിസ്മസ് ദിനത്തിൽ ആത്മപരിശോധന ചെയ്യാം. മാതാപിതാക്കളോടുകൂടെ ആയിരിക്കാൻ വിദേശജോലി ഉപേക്ഷിച്ച മക്കൾ, മാനസികവൈകല്യമുള്ള കുഞ്ഞിനെ ശുശ്രൂഷിക്കാൻ ജീവിതത്തിലെ വലിയ സാധ്യതകളോട് വിടപറഞ്ഞ മാതാപിതാക്കൾ, ഇളയസഹോദരിമാരെയെല്ലാം വിവാഹം ചെയ്തയച്ചതിനു ശേഷം മാത്രം വിവാഹിതനാകുന്ന മൂത്തസഹോദരൻ, ഇവരെല്ലാം സ്നേഹത്തിന് വലിയ വില കൊടുത്തവരിൽ ചിലർ മാത്രം.

സ്നേഹത്തിന്റെ വില നല്കേണ്ടിവരുന്നത് പലപ്പോഴും ചെറുതാകലിലൂടെയാണ്. സർവശക്തനായ ദൈവം തല ചായ്ക്കാനിടമില്ലാത്ത മനുഷ്യനായും ലോകൈകനാഥനായ ഗുരു ശിഷ്യരുടെ കാൽ കഴുകുന്ന ദാസനായും സ്വയം ചെറുതാകുന്നു. ചെറുതായാൽ മറ്റുള്ളവരുടെ മനസ്സിൽ നമ്മെക്കുറിച്ചുള്ള മതിപ്പ് കുറയുമോ എന്ന പേടിയാണ് നമ്മിൽ പലർക്കും. അതുകൊണ്ടുതന്നെ എല്ലാവിധത്തിലും വലിപ്പം പ്രകടിപ്പിക്കാനാണ് പലരുടെയും ശ്രമം. ചെറുതാകാനുള്ള പേടിയെ അതിജീവിക്കാനാണ് ക്രിസ്മസ് നമ്മെ ക്ഷണിക്കുന്നത്. ചെറുതാകൽ പ്രക്രിയയിൽ സ്നേഹം നിറയ്ക്കുകയാണ് ഈ ഭയത്തെ അതിജീവിക്കാനുള്ള മാർഗം. സമൃദ്ധിയിൽ നിന്നും വലിയ തുക നിക്ഷേപിക്കുന്ന ധനവാന്മാർക്കിടയിൽ, തന്റെ ഉപജീവനത്തിനായുള്ള രണ്ടു ചെമ്പുനാണയങ്ങൾ സമർപ്പിക്കുന്ന വിധവ ചെറുതാകലിന്റെ ഭയത്തെ അതിജീവിച്ചവളാണ്. എത്രയോ വലിയ സ്നേഹവും ആത്മസർപ്പണവുമാണ് ആ രണ്ടു ചെമ്പുനാണയങ്ങളിൽ അവൾ ഒളിപ്പിച്ചുവച്ചത്? അതുകൊണ്ടുതന്നെ വലിയ തുക നിക്ഷേപിച്ചവരെക്കാൾ അവളാണ് അധികം നിക്ഷേപിച്ചതെന്ന് യേശു സാക്ഷ്യപ്പെടുത്തുന്നു (മർക്കോ. 12:41-44). പാപിനിയായ സ്ത്രീ കണ്ണുനീരു കൊണ്ട് യേശുവിന്റെ പാദം കഴുകിയപ്പോൾ അവൻ പറഞ്ഞത് അവൾ അധികം സ്നേഹിച്ചുവെന്നാണ്. ക്ഷണിച്ചവന്റെ ആർഭാടം പ്രകടിപ്പിച്ച വിരുന്നിനെക്കാൾ യേശുവിന്റെ ഹൃദയത്തെ സ്പർശിച്ചത് അനുതാപക്കണ്ണീരിൽ തിളങ്ങിയ പാപിനിയുടെ സ്നേഹമായിരുന്നു. സമ്പത്തുകൊണ്ട് വലിപ്പം കാണിച്ചിരുന്ന സക്കേവൂസ് തന്റെ ഭവനത്തിലേക്ക് സ്വയം കടന്നു ചെന്ന യേശുവിന്റെ ചെറുതാകൽ സ്നേഹം അനുഭവിച്ചപ്പോൾ എല്ലാം പങ്കുവയ്ക്കാൻ തീരുമാനിച്ചുകൊണ്ട് തന്നെത്തന്നെ ചെറുതാക്കുകയാണ്. ആ ചെറുതാകലിൽ ആ കുടുംബം രക്ഷ പ്രാപിച്ചു. സ്വയം ചെറുതാകൽ സ്നേഹത്തെപ്രതിയാകുമ്പോൾ അവിടെ ദൈവം പിറക്കുന്നു. അങ്ങനെ ചെറുതാകുന്നവനെ ദൈവം ഉയർത്തും. മറിയം ഉദ്ഘോഷിക്കുന്നത് ദൈവം തന്റെ ദാസിയുടെ താഴ്മയെ തൃക്കൺപാർത്തുവെന്നാണ്.

സ്നേഹത്തെപ്രതിയുള്ള സ്വയം ചെറുതാകലിന് വലിയ ആകർഷത്വമുണ്ട്. എല്ലാവരെയും തന്നിലേയ്ക്കാർഷിക്കും എന്ന് യേശു പറഞ്ഞിട്ടുണ്ട്. ഇത് തന്റെ മരണത്തിലൂടെയായിരിക്കും എന്നാണ് സുവിശേഷകന്റെ വിശദീകരണം (യോഹ. 12:32-33). എന്നാൽ പുൽക്കൂട്ടിലെ ജനനവും

അനേകായിരങ്ങളെ യേശുവിലേക്ക് ആകർഷിക്കുന്നുണ്ട്. അവരിൽ എളിയവരായ ആട്ടിടയരും ഉന്നതരായ ജ്ഞാനികളുമുണ്ട്. നിറഞ്ഞു തുളുമ്പുന്ന സ്നേഹം മൂലം കാൽവരിയിലെ സഹനം പോലെ ബേത്‌ലെഹമിലെ ദാരിദ്ര്യവും മനുഷ്യനെ ആകർഷിക്കുന്നതാണ്. ധാരാളിത്തം കാണിച്ച് മറ്റുള്ളവരെ ആകർഷിക്കാനും സ്നേഹം പ്രകടപ്പിക്കാനുമുള്ള മനുഷ്യന്റെ പ്രവണതകൾക്കു മുമ്പിൽ പുൽക്കൂടിന്റെ ലാളിത്യത്തിന്റെ വശ്യത വലിയ വെല്ലുവിളിയാണ്. പത്രോസ് ശ്ലീഹായുടെ വാക്കുകളിൽ നമ്മുടെ ആദരപൂർവകവും നിഷ്കളങ്കവുമായ പെരുമാറ്റവും സൗമ്യവും ശാന്തവുമായ ആത്മാവാകുന്ന അനശ്വരരത്നം അണിഞ്ഞ ആന്തരിക വ്യക്തിത്വവുമാണ് മറ്റുള്ളവരെ ആകർഷിക്കേണ്ടത് (1 പത്രോ. 3:2–5). യഥാർത്ഥത്തിൽ നമ്മിലെ എന്താണ് മറ്റുള്ളവരെ ആകർഷിക്കുന്നത്? അറിയപ്പെടുന്ന ധ്യാനകേന്ദ്രത്തിൽ, പുതുമകളാർന്ന ശുശ്രൂഷകളോടെ നടത്തപ്പെട്ട ധ്യാനത്തിനു ശേഷം, ധ്യാനഗുരു പങ്കെടുത്തവരോട് ചോദിച്ചു: ഏത് ശുശ്രൂഷയാണ് നിങ്ങളെ ഏറ്റവുമധികം സ്വാധീനിച്ചത്? പങ്കെടുത്തവരിൽ ഒരാളുടെ മറുപടി: തന്റെ അടുത്ത കട്ടിലിൽ കിടന്നിരുന്ന സുഹൃത്ത്, ക്യാൻസർ രോഗിയായ തന്റെ ഭാര്യയുടെ സൗഖ്യത്തിനുവേണ്ടി രാത്രി മുഴുവൻ കരഞ്ഞുകൊണ്ട് കൊന്ത ചൊല്ലിയത്.

സ്വയം ചെറുതാകലിലൂടെ ദൈവം നമ്മിലൊരുവനായി. മനുഷ്യന്റെ വേദനകൾ മനസ്സിലാക്കാൻ കഴിവില്ലാത്തവനാണ് ദൈവമെന്ന് ഇനി ആർക്കും പറയാനാവില്ല. മനുഷ്യന്റെ വേദനകളിൽ നെടുവീർപ്പിടാൻ കഴിവുള്ളവനായാണ് യേശു തന്നെത്തന്നെ വെളിപ്പെടുത്തിയത്. സ്നേഹിതനായ ലാസറിന്റെ കുഴിമാടത്തിങ്കലും ബധിരനായ മനുഷ്യന്റെ മുമ്പിലും യേശു സ്വർഗത്തിലേക്കു നോക്കി നെടുവീർപ്പിടുന്നുണ്ട് (യോഹ. 11:33; മർക്കോ. 7:34). സഹോദരന്റെ വേദനയിൽ നമ്മൾ പങ്കുചേരുന്നതിന്റെ ഒരു ശാരീരിക പ്രതികരണമാണ് നെടുവീർപ്പ്. ചുറ്റുമുള്ളവരുടെ വേദന കണ്ടിട്ട് കരയാൻ കഴിവുള്ളവരാണോ നിങ്ങൾ? എന്ന് ഫ്രാൻസിസ് മാർപാപ്പാ യുവജനങ്ങളോട് ചോദിക്കുന്നുണ്ട്. പട്ടിണിയാൽ വേദനിക്കുന്ന കുഞ്ഞുങ്ങളെയും മയക്കുമരുന്നിനു അടിമപ്പെട്ട യുവജനങ്ങളെയും പാർപ്പിടമില്ലാതെ തെരുവിൽ അന്തിയുറങ്ങുന്നവവരെയുമെല്ലാം കാണുമ്പോൾ കരയാനാകുന്നില്ലെങ്കിൽ, കരയാനുള്ള വരത്തിനായി ദൈവത്തോട് പ്രാർത്ഥിക്കാനാണ് പാപ്പാ ആവശ്യപ്പെടുന്നത്. കരയാൻ സാധിച്ചാൽ മറ്റുള്ളവരെ ഹൃദയപൂർവം സഹായിക്കാനാകും (*Christus vivit 76*). മറ്റുള്ളവരുടെ വേദനകളിൽ പങ്കുചേരാൻ കഴിവുള്ള ഹൃദയം സ്വന്തമാക്കിക്കൊണ്ട്, ഉത്തമ മനുഷ്യനാകാനുള്ള ക്ഷണമാണ് ക്രിസ്മസ്.

തല ചായ്ക്കാൻ സ്വന്തമായി ഇടം പോലുമില്ലാത്തവിധം ദൈവം ചെറുതായി (ലൂക്കാ. 9:58). സ്നേഹം മൂലം അത്രത്തോളം ചെറുതായവന് തല ചായ്ക്കാൻ ഇടം ഒരുക്കേണ്ടത് നമ്മുടെ ഹൃദയങ്ങളിലാണ്.

സ്നേഹത്തിൻ മലരുകൾ തേടി

തേടി വരുന്നു വരുന്നു ദൈവം

ഹൃദയത്തിൽ പാർപ്പിടം തേടി

തേടി വരുന്നു വരുന്നു ദൈവം.